**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2752** **12-07-2022 - ൽ മറുപടിയ്ക്ക്**

**കേരളത്തിന് പുറത്ത് ദേവസ്വം ബോർഡിന്റെ ആസ്തികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ ഡി കെ മുരളി** | | **ശ്രീ. കെ. രാധാകൃഷ്ണൻ (പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | കേരളത്തിന് പുറത്ത് ദേവസ്വം ബോർഡിന് എവിടെയെല്ലാം എന്തെല്ലാം ആസ്തികളുണ്ടെന്ന് വിശദമാക്കാമോ; | (എ) | തിരുവിതാംകൂർ ദേവസ്വം ബോർഡിന് സംസ്ഥാനത്തിന് പുറത്ത് വാരണാസിയിൽ തിരുവിതാംകൂർ സത്രം, തിരുവിതാംകൂർ ധർമ്മശാല എന്നിങ്ങനെ രണ്ട് കെട്ടിടങ്ങളും, ബോർഡിന്റെ കീഴിൽ പുനലൂർ ഗ്രൂപ്പിൽപ്പെട്ട അച്ചൻകോവിൽ ദേവസ്വം വകയായി തമിഴ് നാട്ടിലെ പൻപൊളിയിൽ 30 ഏക്കർ 85 സെന്റ് പാടശേഖരവും ഉണ്ട്.<br><br>കൊച്ചിൻ ദേവസ്വം ബോർഡിന് കാശിയിലെ വാരണസിയിൽ ഒരു സത്രം ഉണ്ട്.<br><br>ഗുരുവായൂർ ദേവസ്വത്തിന് കോയമ്പത്തൂർ വടവള്ളിയിൽ സർവ്വെ നമ്പർ 403/3 ൽ 0.0222 ഹെക്ടർ ഭൂമിയിൽ ഒരു കെട്ടിടവും, മാഹി ചാലക്കരയിൽ സർവ്വെ നമ്പർ 77/4 ൽ 0.0964 ഹെക്ടർ ഭൂമിയിൽ ഒരു കെട്ടിടവുമുണ്ട്. |
| (ബി) | കൈവശാവകാശ രേഖകൾ പ്രകാരമുള്ള എല്ലാവിധ ആസ്തികളിലും ദേവസ്വം ബോർഡിന് പൂർണ്ണ ഉടമസ്ഥാവകാശം ഉണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ; | (ബി) | തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ ഉടമസ്ഥതയിൽ തിരുവിതാംകൂർ സത്രം, തിരുവിതാംകൂർ ധർമ്മശാല എന്നിങ്ങനെ രണ്ട് കെട്ടിടങ്ങളാണ് നിലവിലുള്ളത്. അവയുടെ പൂർണ്ണ ഉടമസ്ഥാവകാശവും കൈവശാവകാശവും നിലവിൽ ദേവസ്വം ബോർഡിൽ നിക്ഷിപ്തമാണ്. കൂടാതെ ബോർഡിന്റെ കീഴിൽ പുനലൂർ ഗ്രൂപ്പിൽപ്പെട്ട അച്ചൻകോവിൽ ദേവസ്വം വകയായി തമിഴ് നാട്ടിലെ പൻപൊളിയിൽ കൈവശാവകാശ രേഖകൾ പ്രകാരമുള്ള 30 ഏക്കർ 85 സെന്റ് പാടശേഖരവും ഉണ്ട്.<br><br>കൊച്ചിൻ ദേവസ്വം ബോർഡിന് 1970-ലെ ഭൂപരിഷ്കരണ നിയമത്തിന് വിധേയമായി കൈവശാവകാശരേഖകൾ പ്രകാരം പൂർണ്ണ ഉടമസ്ഥാവകാശമുണ്ട്. |

| | | | |
|---|---|---|---|
| | | | ഗുരുവായൂർ ദേവസ്വത്തിന്റെ കൈവശത്തിലുള്ള എല്ലാ വസ്തു വകകളിലും ഗുരുവായൂർ ദേവസ്വത്തിന് പൂർണ്ണ ഉടമസ്ഥവകാശം ഉണ്ട്.<br><br>കൂടൽമാണിക്യം ദേവസ്വം തനത് രജിസ്റ്റർ പ്രകാരമുള്ള എല്ലാ ആസ്തികളിലും ദേവസ്വത്തിന് പൂർണ്ണ ഉടമസ്ഥാവകാശമുണ്ട്. |
| (സി) | കേരളത്തിന് പുറത്തുള്ള ആസ്തികളിൽ നിന്ന് ഓരോ വർഷവും ലഭിക്കുന്ന വരുമാനം എത്രയാണെന്ന വിവരം ലഭ്യമാണോ; ഉണ്ടെങ്കിൽ വിശദവിവരം നൽകാമോ? | (സി) | തിരുവിതാംകൂർ ദേവസ്വം ബോർഡിന് വാരണാസിയിലെ ആസ്തികളിൽ നിന്നും നിലവിൽ വരുമാനമൊന്നും ലഭിക്കുന്നില്ല. തമിഴ് നാട്ടിലെ 30 ഏക്കർ 85 സെന്റ് പാടശേഖരങ്ങൾ പാട്ടത്തിനു നൽകി പോരുന്നു. 2021-ൽ പൻപൊളി പാടശേഖരങ്ങളിലെ നെല്ല് ലേലം ചെയ്ത വകയിൽ ആകെ 2,63,907/- രൂപ ലഭിച്ചിട്ടുണ്ട്.<br><br>കൊച്ചിൻ ദേവസ്വം ബോർഡിന്റെ അധീനതയിലുള്ള വാരണാസി സത്രത്തിൽ നിന്നും 2,70,000/- രൂപ വാർഷിക വരുമാനം ലഭിക്കുന്നുണ്ട്.<br><br>ഗുരുവായൂർ ദേവസ്വത്തിന് കോയമ്പത്തൂർ വടവള്ളിയിൽ ഉള്ള കെട്ടിടത്തിന്റെ ലൈസൻസ് ഫീ ഇനത്തിൽ പ്രതിമാസം 8,000/- രൂപയും മാഹിയിലുള്ള ഗോഡൗണിന്റെ ലൈസൻസ് ഫീ ഇനത്തിൽ പ്രതിമാസം 11,822/- രൂപയും ലഭിച്ചു വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ